# പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3140 | 13/10/2011-ൽ മറുപടിയ്ക്ക്

## മത്സ്യത്തൊഴിലാളി പെൻഷൻ കുടിശ്ശിക

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എസ്.ശർമ്മ | ശ്രീ.ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) |
| (എ) മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന പെൻഷൻ എത്രമാസത്തെ കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) 2011 സെപ്തംബർ മാസത്തെ പെൻഷൻ മാത്രമേ ഇപ്പോൾ കുടിശ്ശികയായിട്ടുള്ളൂ. |
| (ബി) മത്സ്യത്തൊഴിലാളികൾക്ക് ക്ഷേമനിധി ബോർഡ് മുഖേന ഏതെല്ലാം സ്കീമുകളിൽ ധനസഹായം നൽകുന്നുണ്ട്; | (ബി) ക്ഷേമനിധി ബോർഡ് മുഖേന മത്സ്യത്തൊഴിലാളികൾക്കായി 18 ക്ഷേമ പദ്ധതികൾ നടപ്പിലാക്കിവരുന്നു. പദ്ധതി വിവരം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു |
| (സി) ഇത്തരം ധനസഹായം വിതരണം ചെയ്യുന്നതിൽ വൈപ്പിൻ മണ്ഡലത്തിൽ എത്ര മാസത്തെ കുടിശ്ശികയുണ്ട്; | (സി) വൈപ്പിൻ മണ്ഡലമുൾപ്പെടെ കേരളത്തിൽ മത്സ്യത്തൊഴിലാളികളുള്ള എല്ലാ പ്രദേശങ്ങളിലും പെൻഷൻ ഒഴികെ മറ്റുള്ള ധനസഹായ പദ്ധതികൾ കഴിഞ്ഞ 6 മാസം മുതൽ ഒന്നര വർഷം വരെ കുടിശ്ശിക നൽകാനുണ്ട്. |

| | |
|---|---|
| (ഡി) ഏതെല്ലാം സ്കീമുകളിൽ എത്ര മാസത്തെ സഹായം നൽകുവാനുണ്ടെന്ന് വ്യക്തമാക്കാമോ? | (ഡി) മത്സ്യത്തൊഴിലാളികൾക്ക് ക്ഷേമനിധി ബോർഡ് മുഖേന സർക്കാർ ഗ്രാന്റ് ഉപയോഗിച്ചു നടപ്പിലാക്കുന്ന പെൻഷൻ പദ്ധതിയ്ക്ക് കഴിഞ്ഞ ഒരു മാസത്തെ കുടിശ്ശിക മാത്രമേയുള്ളു. അപകട ഇൻഷുറൻസ് പദ്ധതി പ്രകാരമുള്ള ധനസഹായം അപേക്ഷ ലഭ്യമാക്കുന്ന മുറയ്ക്ക് ഇൻഷുറൻസ് കമ്പനികൾക്ക് അയയ്ക്കുകയും അപേക്ഷ തീർപ്പാകുന്ന മുറയ്ക്ക് അനുവദിച്ചു നൽകുകയുമാണ് ചെയ്തു വരുന്നത്. വൈപ്പിൻ മണ്ഡലത്തിൽ ഈ പദ്ധതിപ്രകാരം കഴിഞ്ഞ 6 മാസക്കാലത്തോളം കുടിശ്ശികയുണ്ട്. ബോർഡ് ഫണ്ട് ഉപയോഗിച്ചു നടപ്പിലാക്കുന്ന മറ്റ് പദ്ധതികളിൽ കഴിഞ്ഞ 6 മാസം മുതൽ ഒന്നര വർഷം വരെ ധനസഹായത്തിൽ കുടിശ്ശികയുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

**ബോർഡ് നടപ്പിലാക്കി വരുന്ന വിവിധ ക്ഷേമപദ്ധതികളും ധനസഹായതുകയും.**

- മത്സ്യത്തൊഴിലാളി ക്ഷേമ പദ്ധതി:

| പദ്ധതി | ധനസഹായ തുക |
|---|---|
| 1. ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി;<br>എ. അപകട മരണത്തിന്/മത്സ്യബന്ധനവേളയിൽ കാണാതാകൽ | 200000/-രൂപ |
| ബി. ശാശ്വത/പൂർണ്ണ അവശത | 200000/-രൂപ |
| സി) ശാശ്വത/ഭാഗിക അവശത | 100000/-രൂപ |
| ഡി) അപകടമരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം. | ഒരു കുട്ടിക്ക് 5000/- രൂപ പ്രകാരം പരമാവധി 10000/-രൂപ |
| ഇ) ആശുപത്രി ചികിത്സക്ക് ധനസഹായം<br>എഫ്) ശവസംസ്ക്കാര ചടങ്ങിന് ധനസഹായം | പരമാവധി 20000/-<br>പരമാവധി 2000/-രൂപ |
| (b) വള്ളം, എഞ്ചിൻ എന്നിവയുടെ നാശനഷ്ടങ്ങൾക്ക് നിർണ്ണയ വിലയുടെ | 75% |
| 2 മത്സ്യബന്ധസമയത്തൊതൊട്ടു പിന്നാലെയൊ അപകടംകൊണ്ടല്ലാതെ ഉണ്ടാകുന്ന മരണം ആശ്രിതർക്ക് ധനസഹായം | 20000/-രൂപ |
| 3. പെൺമക്കളുടെ വിവാഹ ധനസഹായം | 1500/-രൂപ |
| 4. വാർദ്ധക്യ കാല പെൻഷൻ | പ്രതിമാസം 400/-രൂപ |
| 5. ആശ്രിതരുടെ മരണാനന്തര ചിലവുകൾക്ക് ധനസഹായം: | 600/- രൂപ |
| 6. അപകടം മൂലമുണ്ടാകുന്ന താൽക്കാലിക അവശതക്ക് ധനസഹായം | 500/- രൂപ |
| 7. മത്സ്യത്തൊഴിലാളികളുടെ മരണത്തിന് ആശ്രിതർക്ക ധനസഹായം | 5000/- രൂപ |
| 8 എസ്.എസ്.എൽ.സി.ക്യാഷ് അവാർഡ്:-<br>10എ+ ലഭിക്കുന്നവർക്ക്<br>9എ+ ലഭിക്കുന്നവർക്ക്<br>8എ+ ലഭിക്കുന്നവർക്ക്<br>റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്ക്കൂളിൽ നിന്ന് ഏറ്റവും ഉയർന്ന ഗ്രേഡു ലഭിക്കുന്ന 3 വിദ്യാർത്ഥികൾക്ക് (ഓരോ സ്കൂളിലേയും) | <br>5000/-രൂപ<br>4000/-രൂപ<br>3000/-രൂപ<br>3000/-രൂപ |
| 9 കുടുംബ സംവിധാന പദ്ധതി | 500/-രൂപ |
| 10 മാരക രോഗ ചികിൽസാ ധനസഹായം | പരമാവധി 50000/-രൂപ |
| 11 ചെയർമാൻസ് റിലീഫ് ഫണ്ട് | പരമാവധി 5000/-രൂപ |
| 12 പ്രസവ ശുശ്രൂഷക്കുള്ള ധനസഹായം | 750/-രൂപ |
| 13 ഉന്നത വിദ്യാഭ്യാസ പ്രോത്സാഹനം<br>പ്ളസ് 2, പരീക്ഷയിൽ എല്ലാ വിഷയത്തിലും എ+ ലഭിക്കുന്നവർക്ക്<br>വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷയിൽ എല്ലാ വിഷയത്തിലും എ+ നേടുന്നവർക്ക് | <br>5000/-രൂപ<br>8000/-രൂപ |
| 14 വിധവാ പെൻഷൻ: | പ്രതിമാസം 400/-രൂപ |
| 15.ബോർഡിന്റെ പ്രത്യേക ധനസഹായം | ബോർഡ് നിശ്ചയിക്കുന്ന തുക |
| 16. ബോധവൽക്കരണ പരിപാടി | |
| 17. മത്സ്യത്തൊഴിലാളി കുട്ടികൾ പഠിക്കുന്ന കടലോര ജില്ലയിലെ തിരഞ്ഞെടുക്കപ്പെട്ട സ്ക്കൂളുകൾക്ക് എസ്.എസ്.എൽ.സി.പരീക്ഷക്ക് പ്രത്യേക പരിശീലനം നൽകുന്നതിന് ധനസഹായം | സ്ക്കൂളൊന്നിന് 10,000/- രൂപ വീതം. +2 ഉള്ള സ്ക്കൂളുകൾക്ക് 20,000/- രൂപ വീതം |
| 18. മത്സ്യത്തൊഴിലാളി കുട്ടികൾ പഠിക്കുന്ന സ്ക്കൂളുകളിൽ കായിക വിനോദ പ്രോത്സാഹനത്തിന് ധനസഹായം. | സ്ക്കൂളൊന്നിന് 25,000/- രൂപ വീതം. ബോർഡ് നിശ്ചയിക്കുന്ന സ്ക്കൂളുകൾക്ക്. |

50